# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 978**

**05.03.2018-ന് മറുപടിയ്ക്ക്**

## ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2016-2017 വർഷത്തിൽ എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മണ്ഡലത്തിലെ ഒരു സ്കൂളിൽ ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കാൻ അഞ്ച് ലക്ഷം രൂപ വീതം നീക്കി വയ്ക്കാൻ നിർദ്ദേശമുണ്ടായിരുന്നോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) പ്രസ്തുത പ്രവൃത്തി നടത്താൻ ആരെയാണ് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്; | (സി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനെയാണ് പ്രസ്തുത പ്രവൃത്തി നടത്താൻ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) വിഷയം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ